



[Computer-Aided Thermodynamic Tables 3 -- CATT3 Full Versionbfdcm]

# എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ


ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. (മത്താ 11:29). കുറെ വർഷങ്ങൾക്കു മുൻപ് വിദ്യാഭ്യാസം ഗുരുകുലം ആയിരുന്നു എന്ന് അറിയാവുന്ന കാര്യമാണ്. അന്ന് പഠിച്ച കാര്യങ്ങൾ മാത്രമല്ല പഠിപ്പിച്ച ആളിന്റെ സ്വഭാവം കൂടെ പഠിക്കുമായിരുന്നു. അങ്ങനെ ആരാണ് പഠിപ്പിച്ചതെന്ന് ചോദിച്ചാൽ അതിന് ഒരു അഭിമാനം ഉണ്ടായിരുന്നു. ഇന്ത്യയിൽ നളന്ദ, തക്ഷശില എന്നീ സ്ഥലങ്ങൾ പണ്ടു കാലത്തെ വിദ്യാഭ്യാസത്തിന് പ്രശസ്തി ആർജ്ജിച്ച സ്ഥലങ്ങളായിരുന്നു. പഠിക്കും തോറും താഴ്മയും വിനയവും കൂടുക എന്നുള്ളത് ആചാര്യനിൽ നിന്ന് കണ്ട് പഠിക്കുമായിരുന്നു. മനുഷ്യന് ദൈവം പഞ്ചേന്ദ്രിയങ്ങൾ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഒരു മനുഷ്യൻ ജീവനോടെ ഇരിക്കുന്ന കാലമൊക്കെയും കാണുകയും കേൾക്കുകയും, രുചിക്കയും, മണക്കുകയും, തൊടുകയുമൊക്കെ ചെയ്യുന്നതിൽ നിന്ന് അനേക കാര്യങ്ങൾ പഠിക്കാൻ സാധിക്കും. അതുകൊണ്ട് കേവലം ഒരു ബിരുദം അല്ല കുറെ ബിരുദങ്ങൾ തന്നെ എടുത്തതുകൊണ്ട് എല്ലാറ്റിനും യോഗ്യനായി എന്ന് പറയാനാകുന്നില്ല. 16-ാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞനായിരുന്ന ഗലീലിയോ ഒരു ബിരുദധാരി ആയിരുന്നില്ല. അദ്ദേഹം ഒരു കമ്പിളിക്കച്ചവടക്കാരന്റെ മകനായിരുന്നു എന്ന് പറയപ്പെടുന്നു. പിന്നെയെങ്ങനെ താൻ പ്രശസ്തനായ ശാസ്ത്രജ്ഞനായി. തന്റെ ജീവിതകാല ലക്ഷ്യമതായിരുന്നു. ഏതു കാര്യത്തിനും ആവശ്യത്തെക്കാൾ കൂടുതൽ ഉൽപാദനം ഉണ്ടാകുമ്പോൾ അതിന് ഒരു നിയന്ത്രണം ആവശ്യമായ് വരുന്നു. കൂടാതെ ജനസംഖ്യ വർദ്ധിക്കുകയും, എല്ലാവരും വിദ്യാസമ്പന്നരാകണമെന്നുള്ള നിയമങ്ങൾ ഒക്കെ വരുമ്പോൾ അതിനനുസരിച്ച് നിയന്ത്രണങ്ങളും ഉണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ എല്ലാവരിൽ നിന്നും ഒരു തിരഞ്ഞെടുപ്പ് യോഗ്യതക്കു വേണ്ടി ഉണ്ടാകുന്നു. അതാകുന്നു ഇപ്പോൾ നടക്കുന്നത്. യോഗ്യതക്കു വേണ്ടി എല്ലാവരും കിണഞ്ഞു പരിശ്രമിക്കുന്നതു കാരണം സ്ഥാപനങ്ങൾ നടത്തുന്നവർ അതുമൂലം ആദായം ഉണ്ടാക്കാൻ നോക്കുന്നു. അങ്ങനെ വിദ്യാഭ്യാസം ഒരു കച്ചവട ചന്തയായി മാറിയിരിക്കുന്നു. മാർക്കില്ലെങ്കിലും പണമുണ്ടെങ്കിൽ ബിരുദം നേടാം എന്നായിരിക്കുന്നു. ഇതെല്ലാം ലോകത്തിൽ നടക്കുന്ന സംഗതികൾ, എന്നാൽ ലോകത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആത്മീയർ എന്ന് പറയപ്പെടുന്നവരുടെ വീക്ഷണം എങ്ങനെയിരിക്കുന്നു. പണം, പ്രതാപം പ്രശസ്തി, സ്ഥാനമാനങ്ങൾ ഇതൊക്കെ ലോകത്തിന്റെ വ്യവസ്ഥിതി. ദൈവമക്കൾക്ക് ആവശ്യമായിരിക്കുന്നത് താഴ്മ, വിനയം, എളിമ, സൗമ്യത, വിശുദ്ധി, നീതി, വിശ്വസ്തത ഇതൊക്കെയെന്ന് ദൈവവചനത്തിൽ നിന്നും മനസ്സിലാക്കാം. ഇതൊന്നും കാശ് കൊടുത്താൽ കിട്ടുന്ന സാധനങ്ങളല്ല. താഴ്മയെപ്പറ്റി പറയുമ്പോൾ ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവരെതന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ (ഫിലി. 2:3) ഇപ്പോൾ ആരാണ് ശ്രേഷ്ഠൻ. ദൈവവചനത്തിന് മാറ്റം വന്നുകൂടല്ലോ. അങ്ങനെയെങ്കിൽപ്പിന്നെ ശ്രേഷ്ഠൻ അതിശ്രേഷ്ഠൻ ഒക്കെ എവിടെ ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമർ 12:2) എന്ന് പ്രസംഗിക്കാം. അത് പ്രവർത്തിയിൽ വെളിപ്പെടുത്തുന്നവരായിരിക്കണം പ്രസംഗിക്കേണ്ടത് എന്നാണ് കർത്താവ് പഠിപ്പിച്ചത്. അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തത് എന്ത് ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ (റോമർ 2:22) പൗലോസ് ആ അഭ്യസനം പ്രാപിച്ച ആളായിരുന്നു. അതുകൊണ്ട് താൻ എഴുതുമ്പോൾ പറയുന്നത് "സഹോദരന്മാരെ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ, ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃകപ്രകാരം നടക്കുന്നവരേയും കുറിക്കൊൾവിൻ (ഫിലി 3:17) ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികളാകുവിൻ. നിങ്ങൾ സകലത്തിലും എന്നെ ഓർക്കുകയും ഞാൻ നിങ്ങളെ ഏല്പിച്ച കല്പനകളെ പ്രമാണിക്കയും ചെയ്യയാൽ നിങ്ങളെ പുകഴ്ത്തുന്നു. (1 കൊരി 11;1-2) സ്വർഗ്ഗീയ ദർശനം പ്രാപിച്ച പൗലോസിന്റെ സാക്ഷ്യം "എങ്കിലും എനിക്ക് ലാഭമായിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു. അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതമെന്ന് എണ്ണുന്നു. ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറ് എന്ന് എണ്ണുന്നു." (ഫിലി 3:7-8) ഇത് ദൈവത്തിൽ നിന്ന് പ്രാപിച്ച അഭ്യസിച്ച ഒരു ശിഷ്യനായ അപ്പോസ്തലന്റെ വാക്കുകൾ. ഇതാണ് അവന്റെ നുകം ഏറ്റുകൊണ്ട് അവനോട് പഠിക്കുന്നവരുടെ അനുഭവം. അവന്റെ നുകം ഏറ്റുകൊണ്ട് ലോകത്തിന്റെ ജ്ഞാന

-----------------------------------------



ത്തിനും, പേരിനും, സ്ഥാനത്തിനുമെന്നല്ല അവനോട് ചേർന്ന് പഠിക്കണം. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു. (മത്താ 11:30) അങ്ങനെ അവനിൽ നിന്ന് പഠിക്കുന്നവരുടെ ആത്മാക്കൾക്ക് ആശ്വാസം ഉണ്ടാകും. ആത്യന്തികമായ ഓരോ മനുഷ്യനും വേണ്ടത് ആത്മാക്കളുടെ ആശ്വാസമാണ്. അതിനായിട്ട് നാം ആത്മീയരായിതീർന്നു. അതുകൊണ്ട് ഇനിയും അടിമ നുകത്തിൽ കുടുങ്ങുന്നവരായിട്ടല്ല സ്നേഹത്താൽ അന്യോന്യം സേവിക്കുന്നവരായിരിക്കാം. ലോകത്തിന്റെ അഭ്യാസങ്ങളെല്ലാം ജഡാഭിലാഷങ്ങളാണ്. ആത്മാവിനെ അനുസരിച്ച് നടന്നാൽ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല. ഓരോരുത്തരും പരിശോധിക്കുക, നടപ്പ് എങ്ങനെയുള്ളതെന്ന്. ലോകം നമ്മെക്കണ്ട് മാതൃക പഠിക്കട്ടെ. അല്ലാതെ ലോകത്തിന്റെ മാതൃക നമ്മൾ പഠിക്കയല്ല വേണ്ടത്.

Computer-Aided Thermodynamic Tables 3 -- CATT3 Full Versionbfdcm



Computer-Aided Thermodynamic Tables 3 - CATT-3-x86-x64.rar.. The program allows the calculation of the thermodynamic properties at .... Computer-Aided Thermodynamic Tables 3 -- CATT3 Full Version · Computer-Aided Thermodynamic Tables 3 -- CATT3 Full Version. 1 / 5 .... Direct link Computer- Aided Thermodynamic Tables 3 - CATT- 3. This is a good ... Coming full album zip f secure freedom vpn apk crack.. Computer-Aided Thermodynamic Tables 3 Es un software de tablas termodinámicas electrónicas de agua, aire .... Click on the link below for downloading CATT Software: Computer Aided Thermodynamic Tables A Farsi instruction (help) is also available, ... b28dd56074